**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **01-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലിയിനത്തിലും നിർമ്മാണ സാമഗ്രികൾ വാങ്ങിയതിലും നാളിതുവരെയായി എത്ര രൂപയാണ് കുടിശ്ശികയുള്ളത് ; | (എ) | 24.01.2023-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവിദഗ്ധ വേതന ഇനത്തിൽ 464.18 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. എന്നാൽ 24.01.2023-ൽ കേന്ദ്രസർക്കാർ 694.18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മെറ്റീരിയൽ ഇനത്തിൽ 257.25 കോടി രൂപയും ഭരണചെലവ് ഇനത്തിൽ 152.72 കോടി രൂപയും 25.01.2023 ലെ കണക്ക് പ്രകാരം കുടിശ്ശിക ആണ്. |
| (ബി) | തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | എത്ര രൂപയുടെ കുടിശ്ശികയാണ് കേന്ദ്രം തൊഴിലുറപ്പ് പദ്ധതിക്കായി നൽകാനുള്ളത് ; കുടിശ്ശിക ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ? | (സി) | അവിദഗ്ധ വേതന ഇനത്തിൽ 464.18 കോടി രൂപയാണ് (100% കേന്ദ്രവിഹിതം) കുടിശ്ശിക ആയി ഉണ്ടായിരുന്നത്. എന്നാൽ 24.01.2023-ൽ, കേന്ദ്ര സർക്കാർ 694.18 കോടി ഈ ഇനത്തിൽ, അനുവദിച്ചിട്ടുണ്ട്. മെറ്റീരിയൽ ഇനത്തിൽ 257.25 കോടി രൂപയും (ഇതിൽ 192.93 കോടി രൂപ കേന്ദ്ര വിഹിതം 75:25 എന്ന അനുപാതത്തിൽ) ഭരണ ചെലവ് ഇനത്തിൽ 152.72 കോടി രൂപയും (100% കേന്ദ്ര വിഹിതം) 25.01.23 ലെ കണക്ക് പ്രകാരം കുടിശ്ശിക ഉണ്ട്. കുടിശ്ശിക തുക ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | കുടുംബങ്ങളുടെ എണ്ണം | |
|---|---|---|---|
| | | രജിസ്റ്റേർഡ് | ആക്ടീവ് |
| 1 | ആലപ്പുഴ | 2,99,906 | 1,89,673 |
| 2 | എറണാകുളം | 2,76,754 | 1,24,365 |
| 3 | ഇടുക്കി | 2,16,612 | 1,47,379 |
| 4 | കണ്ണൂർ | 2,64,518 | 1,33,807 |
| 5 | കാസർഗോഡ് | 1,81,468 | 1,07,510 |
| 6 | കൊല്ലം | 4,21,227 | 2,25,288 |
| 7 | കോട്ടയം | 2,27,769 | 1,01,005 |
| 8 | കോഴിക്കോട് | 3,57,003 | 2,10,779 |
| 9 | മലപ്പുറം | 4,03,089 | 1,53,008 |
| 10 | പാലക്കാട് | 3,99,712 | 2,20,564 |
| 11 | പത്തനംതിട്ട | 1,59,409 | 73,676 |
| 12 | തിരുവനന്തപുരം | 4,45,958 | 2,47,937 |
| 13 | തൃശ്ശൂർ | 3,41,200 | 1,58,304 |
| 14 | വയനാട് | 1,56,649 | 89,995 |
| **ആകെ** | | **41,51,274** | **21,83,290** |